# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

30.01.2018–ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *91

## അക്കാദമിക് മാസ്റ്റർപ്ലാൻ

**ചോദ്യം**

ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.ജോർജ് എം. തോമസ്
,, കെ.ഡി. പ്രസേനൻ
,, എ. എൻ. ഷംസീർ

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ ലക്ഷ്യമെന്തെന്ന് അറിയിക്കാമോ;

(എ) ഉണ്ട്. അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ സംസ്ഥാനത്തെ എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.
ഓരോ കുട്ടിയുടേയും അറിവും കഴിവും നൈപുണികളും അതത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്യുന്ന പ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യം ഉറപ്പാക്കുന്നതിന് അക്കാദമികമായി എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായ ആസൂത്രണം ആവശ്യമാണ്. ഇങ്ങനെ ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടേയും അക്കാദമിക വളർച്ച ലക്ഷ്യം വയ്ക്കുന്ന സുപ്രധാന രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. അദ്ധ്യാപകരുടേയും വിദ്യാഭ്യാസ വിദഗ്ദ്ധരുടേയും ജനപ്രതിനിധികളുടേയും രക്ഷിതാക്കളുടേയും വിദ്യാഭ്യാസ തൽപ്പരരായ എല്ലാവരുടേയും സഹായത്താൽ ജനകീയമായി ഗുണമേന്മാ വിദ്യാഭ്യാസത്തിനായുള്ള ആസൂത്രണവും നിർവ്വഹണവും നടത്തുക എന്നതും അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യം വയ്ക്കുന്നു.

(ബി) പ്രൈമറിതലം മുതൽ ഹയർസെക്കണ്ടറിതലം വരെയുള്ള വിദ്യാർത്ഥികൾക്ക് കണക്കുൾപ്പെടെയുള്ള വിഷയങ്ങളുടെയും ഭാഷകളുടെയും പഠനം ലളിതമാക്കുന്നതിനും അതോടൊപ്പം നിശ്ചിത നിലവാരം നേടുന്നതിന് പ്രാപ്തരാക്കുന്നതിനും പദ്ധതിയുണ്ടോ; ഓരോ ക്ലാസ് കഴിയുമ്പോഴും സ്വായത്തമാക്കേണ്ട കഴിവുകൾ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) പ്രൈമറിതലം മുതൽ ഹയർസെക്കന്ററിതലം വരെയുള്ള വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങളുടേയും പഠനം ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്ര പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനോദ്ദേശ്യങ്ങൾ നിശ്ചിത നിലവാരത്തിൽ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നതാണ്. കണക്ക് ഉൾപ്പെടെയുള്ള വിഷയങ്ങളും ഭാഷകളുടെയും പഠനവും ലളിതമാക്കുന്നതിനായി ‘ഗണിതവിജയം’, ‘മലയാളത്തിളക്കം’, ‘ഹലോ ഇംഗ്ലീഷ്’ എന്നീ പദ്ധതികളും വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ‘ശ്രദ്ധ’, ‘നവപ്രഭ’ എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(സി) വായന, ഗണിതക്രിയ എന്നിവയിൽ മറ്റ് സംസ്ഥാനങ്ങളിലെ സമാന ക്ലാസിൽ പഠിക്കുന്ന കുട്ടികളുമായി മത്സരിക്കാൻ പ്രാപ്തരാക്കുന്ന വിധത്തിലുള്ള അക്കാദമിക നിലവാരം പുലർത്താൻ സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി) ദേശീയതലത്തിൽ നടത്തിയ നാഷണൽ ആച്ചീവ്മെന്റ് സർവ്വേ(നാസ്) പോലുള്ള പഠനങ്ങൾ കേരളത്തിൽ അക്കാദമിക നിലവാരം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതാണെന്ന് കാണിക്കുന്നു. അടിസ്ഥാന ഭാഷാശേഷി, ഗണിതശേഷി എന്നിവ കുട്ടികൾക്ക് കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ